**ചാലിയാറിന്റെ വൃഷ്ടിപ്രദേശമായ**
**നിലമ്പൂർ മുണ്ടേരിയിലെ കന്യാവനം**
**സ്വകാര്യമേഖലക്ക് കൈമാറിയാൽ**
**ചാലിട്ടൊഴുകാൻ പോലും**
**പിന്നെ ചാലിയാർ പിറക്കില്ലെന്നും**
**ഈ നീക്കം സമരങ്ങളിലൂടെ തടയണമെന്നും**
**സുനിൽ സി.എൻ**

# വേണം കാടിനു കാവൽ

**കേരളത്തിന്റെ** വനവിസ്തൃതിയിൽ ആയിരത്തി ഇരുന്നൂറോളം ഏക്കർ കുറയാൻപോകുന്നു. കൃത്യമായി പറഞ്ഞാൽ 1163 ഏക്കർ 31.5സെന്റ്. പ്രകൃതിസ്നേഹികൾക്ക് ഇരിക്കപ്പൊറുതിയില്ലാതാക്കുന്ന ഈ വാർത്ത വരുന്നത് നിലമ്പൂരിലെ മുണ്ടേരിയിൽ നിന്നാണ്. പരിസ്ഥിതി ദുർബലപ്രദേശമായി (EFL) പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള, ചാലിയാറിന്റെ ഉത്ഭവസ്ഥാനമായ, അപൂർവ ഇനം സസ്യ-ജന്തു വൈവിധ്യത്താൽ സമ്പന്നമായ മുണ്ടേരിവനം ലേലംചെയ്ത് വിൽക്കാൻ വച്ചിരിക്കുന്നു!

കോഴിക്കോട് ഒന്നാം അഡീഷണൽ സബ്കോടതിയിലാണ് ലേലം നടക്കാൻ പോകുന്നത്. വനദേശസാൽക്കരണത്തിന്റെ ഭാഗമായി ഏറ്റെടുത്ത ഭൂമിക്കുപകരം നിലമ്പൂർ കോവിലകത്തിന് നൽകുന്ന നഷ്ടപരിഹാരത്തിനായാണ് ലേലംവിളി. ആഗസ്റ്റ് 18നാണ് നിശ്ചയിച്ചിരുന്നതെങ്കിലും ഹൈക്കോടതി രണ്ടുമാസത്തെ സ്റ്റേ ഉത്തരവിട്ടതിനാൽ പ്രക്രിയ നീണ്ടുപോയിരിക്കുകയാണ്.

### കോടാലി വന്ന വഴി

ഇത് ആദ്യമായല്ല മുണ്ടേരിവനവും ലേലം വിളിയും വാർത്തകളിൽ നിറയുന്നത്. 1984ൽ ഏറെ ഒച്ചപ്പാടുണ്ടാക്കിയതായിരുന്നു ഇവിടത്തെ വനംലേലം. ആദ്യകാലങ്ങളിൽ നിലമ്പൂർ കോവിലകത്തിന് 32000 ഏക്രയിലധികം വനഭൂമി സ്വന്തമായുണ്ടായിരുന്നു. 1960കളിൽ സ്വത്ത് ഭാഗം വക്കുന്നതുമായി ബന്ധപ്പെട്ട് അവകാശികൾക്കിടയിൽ തർക്കവും കേസും ആരംഭിച്ചു. 1970കളിലാകട്ടെ ഭൂപരിഷ്കരണ നിയമം നടപ്പിലാകുന്നതോടെ ഈ വനം സർക്കാരിൽ നിക്ഷിപ്തമായി. കോടതി കേസുകളുടെ അന്തിമവിധിക്കുമുമ്പുതന്നെ സ്വകാര്യവനം സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള നിയമനിർമാണം നടന്നിരുന്നു. എന്നാൽ പിന്നീട് അവകാശികളായ 112 പേർക്ക് (111 മനുഷ്യകുടുംബവും ഒരു ദൈവകുടുംബവും) 15 ഏക്കർ വീതം ആകെ 1680 ഏക്കർ കോവിലകത്തിന് നൽകാൻ സുപ്രീംകോടതി വിധിച്ചു. ഭൂദാൻ കോളനിയിലെ സ്ഥലം നൽകാനാണ് കേരള സർക്കാർ തീരുമാനിച്ച

ത്. എന്നാൽ ഭൂമി ഏതാണെന്ന് തീരുമാനിക്കാൻ സർക്കാരിന് അവകാശമില്ലെന്ന് പറഞ്ഞ് കോവിലകം വീണ്ടും കേസ് നൽകി. തുടർന്നാണ് മുണ്ടേരി വനം ചൂണ്ടിക്കാണിക്കപ്പെടുന്നത്. കോടതിയും അത് അംഗീകരിച്ചു.

വനഭൂമി കോവിലകത്തിന് നൽകുമെന്ന ഘട്ടത്തിലാണ് പ്രതിഷേധം ഇരമ്പിയത്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുണ്ടേരി മാർച്ച് പരിസ്ഥിതി സമരങ്ങളിലെ ആവേശകരമായ അധ്യായമായി മാറി. തുടർന്ന് സർക്കാർ 1984 വനസംരക്ഷണ ഓർഡിനൻസ് ഇറക്കി. അവകാശികളുടെ കൈവശമുള്ള സ്ഥലം കുറച്ചുകൊണ്ടുള്ള പുനർനിർണയത്തിൽ ആവശ്യമുള്ളത് 1163. 315 ഏക്കറായി നിജപ്പെടുത്തി. എന്നാൽ അപ്പോഴും കോവിലകം സ്ഥലം ഏറ്റെടുക്കാൻ തയ്യാറായിരുന്നില്ല എന്നതാണ് ശ്രദ്ധേയം. സംരക്ഷിക്കാനുള്ള ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ചായിരുന്നു അത്. വീണ്ടും കോടതിയിലേക്ക്. സ്ഥലം പരിസ്ഥിതി ദുർബലപ്രദേശമാണെന്ന് വനംവകുപ്പ് കോടതിയിൽ ബോധിപ്പിച്ചു. അക്കാലത്താണ് സ്ഥലം വേണ്ട പണം മതി എന്നുകാണിച്ച് കോവിലകം സർക്കാരിന് കത്തെഴുതുന്നത്. ഏക്കറിന് 10 ലക്ഷം വിലയും ആവശ്യപ്പെട്ടു. കോടതി അനുവദിച്ചു, ടെണ്ടർ വിളിച്ചു. 15 കോടി രൂപക്ക് ചെന്നെയിലെ അണ്ണ ബിയാൻ അമീൻ എജ്യൂക്കേഷണൽ ട്രസ്റ്റ് ലേലം കൊണ്ടു. പക്ഷേ മതിയായ രേഖകൾ സമയത്ത് ലഭ്യമാവാത്തതിനാൽ ട്രസ്റ്റിന് ഭൂമി ഏറ്റെടുക്കാനായില്ല എന്നു പറഞ്ഞ് കേസ് വീണ്ടും കോടതിയിലേക്ക്. അപ്പോൾ തിരുവനന്തപുരത്തെ അനസുമൂട് തലയിൽ ശ്രീഭദ്രകാളി ട്രസ്റ്റിന് 30 കോടിരൂപക്ക് സ്ഥലം നൽകാൻ തയ്യാറാണെന്ന് കാണിച്ച് കോവിലകത്തെ ഒരു അംഗവും കോടതിയിലെയെത്തി. അപ്പോഴേക്കും അമീൻ ട്രസ്റ്റ് വീണ്ടും എത്തി, 15 നു പകരം 35കോടി എന്ന നിലപാടുമായി. അപ്പോഴാണ് 37 കോടി എന്ന പുതിയ ഓഫർ! കോടതി പുനർലേലം നിശ്ചയിച്ചു. 2012 ആഗസ്റ്റ് 18ന്. ഒരാഴ്ചമുമ്പ് 15കോടിരൂപ കെട്ടിവെച്ചുവേണം ലേലത്തിൽ പങ്കെടുക്കുവാൻ. തങ്ങൾ ഒന്നുമറിഞ്ഞിരുന്നില്ല എന്നു പറഞ്ഞ് അവസാന നിമിഷം വനംവകുപ്പ് ഹൈക്കോടതിയെ സമീപിച്ചപ്പോൾ രണ്ടുമാസത്തേക്ക് ലേലം സ്റ്റേ ചെയ്തിരിക്കുകയാണിപ്പോൾ.

**വരയും വരിയും** — **റഫീക്ക് അഹമ്മദ്**




## ചാലിയാറിന് മരണമണി

കാരാടൻപുഴ, വാണിയമ്പുഴ, കൊടിഞ്ഞിപ്പുഴ എന്നീ നദികളും ഒട്ടേറെ അരുവികളും ചേർന്ന ചാലിയാറിന്റെ ക്യാച്മെന്റ് ഏരിയയാണ് മുണ്ടേരിയിലെ കന്യാവനം. സ്വകാര്യമേഖലക്ക് കൈമാറുന്നതോടെ ഈ നിബിഡവന പ്രദേശം നിമിഷങ്ങൾക്കകം ഇല്ലാതാകുമെന്നത് തർക്കമില്ലാത്തതാണ്. ചാലിട്ടൊഴുകാൻ പോലും പിന്നെ ചാലിയാർ പിറക്കില്ല എന്നത് ഉറപ്പ്. മുണ്ടേരി വനം ലേലത്തിനെതിരെ ശക്തമായ പ്രതിഷേധം ആ പ്രദേശത്ത് ഇപ്പോൾ ഉയർന്നുകഴിഞ്ഞു. പരിഷത്തിന്റെ നേതൃത്വത്തിൽ വനസംരക്ഷണസമിതി നടത്തിയ രണ്ടാം മുണ്ടേരി മാർച്ചിൽ ആയിരത്തോളം ജനങ്ങളാണ് പങ്കെടുത്തത്. എല്ലാ രാഷ്ട്രീയ-മതസംഘടനകളും ഒറ്റക്കെട്ടായി സമരരംഗത്തുണ്ട്. രണ്ടുമാസത്തേക്ക് ആയുസ്സ് നീട്ടിക്കിട്ടിയ മുണ്ടേരി വനത്തെ എന്നന്നേക്കുമായി സംരക്ഷിക്കാൻ പൊതുസമൂഹം രംഗത്തിറങ്ങേണ്ട സമയമാണിത്.

books
magazines
periodicals
BYWORD
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577